# താഴ്മ ധരിപ്പീൻ

## 1 പത്രോസ് 5:6

"അതുകൊണ്ടു അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ.."

ദൈവസന്നിധിയിൽ താഴ്മയോടും വിനയത്തോടും കൂടി ജീവിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് ഈ വാക്യത്തിൽ നാം കാണുന്നത്. വിനയം എന്നത് ഒരാളുടെ ബലഹീനതയെ അല്ല കാണിക്കുന്നത്, മറിച്ച് ദൈവവുമായുള്ള ബന്ധത്തിൽ താൻ എപ്രകാരം ആണ് എന്നതാണ്.

നമ്മുടെ ചിന്തകൾ പലപ്പോഴും നമ്മെക്കുറിച്ചും, നാമായിരിക്കുന്ന ചുറ്റുപാടിനെക്കുറിച്ചുമാണ്. തീരുമാനങ്ങൾ സ്വന്തമായി എടുക്കുവാനും അതിൻപ്രകാരം മുന്നോട്ടു ജീവിക്കുവാനുമാണ് കൂടുതൽ പേരും ആഗ്രഹിക്കുന്നത്. മറ്റുള്ളവർ പറയുന്നത് അനുസരിക്കുന്നതിനെക്കാൾ അവരെ അനുസരിപ്പിക്കുന്നതാണ് നമുക്കൊക്കെ ഇഷ്ടം. വിട്ടുവീഴ്ചാമനോഭാവം തീരെ കുറവായാണ് കാണപ്പെടുന്നത്. അതിനാൽ താനായിരിക്കുന്ന മേഖലയിലെ ഉയർന്ന പദവിയിലെത്താൻ എല്ലാവരും പരിശ്രമിക്കുന്നു.

ഭൗമികന്മാരായി ചിന്തിക്കുമ്പോഴാണ് ഈ വക വിചാരങ്ങൾ നമ്മിലേക്ക് കടന്നുവരുന്നതും, സ്ഥാനമാനങ്ങൾക്കായി പരിശ്രമിക്കുന്നതും. എന്നാൽ നാം ക്രിസ്തുവിനുള്ളവർ ആയിത്തീരുമ്പോൾ, ജഡത്തിന്റേതായ ചിന്തകളും, ആകുലതകളും നമ്മെ വിട്ടുപോകുന്നു. പുകഴുവാനും, പ്രശംസിപ്പാനും നമ്മിൽ ഒന്നുമില്ല, കാരണം പാപികളായിരുന്ന നമ്മെ വീണ്ടെടുത്തത് ദൈവത്തിന് നമ്മോടു തോന്നിയ കരുണ ഒന്നുകൊണ്ടു മാത്രമാണ്. അതിനാൽ കർത്താവിന്റെ ക്രൂശിൽ ആയിരിക്കണം നമ്മുടെ പ്രശംസ. നമ്മുടെ സ്വന്ത വിവേകത്തിൽ ആശ്രയിക്കാതെ യഹോവയിൽ ആശ്രയിക്കുമ്പോൾ അവൻ നമ്മുടെ പാതകളെ നേരെയാക്കും. 'മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും. മനോവിനയം ഉള്ളവനോ മാനം പ്രാപിക്കും' (സദൃശ്യവാക്യങ്ങൾ 29:23). ഗർവ്വം എന്നത് മനുഷ്യനെ നശിപ്പിക്കുന്നതായ ഒരു മനോഭാവമാണ്. അങ്ങനെയുള്ള ഒരുവനെ ദൈവം ഒരിക്കലും അനുഗ്രഹിക്കയില്ല. 'യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു ഗർവ്വിയെയോ അവൻ ദൂരത്തുനിന്ന് അറിയുന്നു' (സങ്കീർത്തനം 138:6). ദൈവസന്നിധിയിൽ നാം വിനയത്തടെ കടന്നുചെന്നാൽ മാത്രമേ അവൻ നമ്മുടെ യാചനകളെ കൈക്കൊള്ളുകയുള്ളൂ. കർത്താവ് തന്റെ ഉപമയിൽക്കൂടി പരീശന്റെയും ചുങ്കക്കാരന്റെ പ്രാർത്ഥനയിൽ കാണിച്ചുതരുന്നത് ദൈവസന്നിധിയിൽ തന്നെത്താൻ

താഴ്ത്തുന്നതിനെക്കുറിച്ചാണ്. പരീശൻ താൻ ചെയ്ത കാര്യങ്ങളെക്കുറിച്ച് അക്കമിട്ട് പറയുമ്പോൾ, ചുങ്കക്കാരനാകട്ടെ സ്വർഗ്ഗത്തേക്ക് നോക്കുവാൻ പോലും തുനിയാതെ, മാറത്തടിച്ച് നിലവിളിച്ച്, തന്നോട് കരുണ ഉണ്ടാകണമേ എന്ന് ദൈവത്തോട് യാചിക്കുന്നു. അങ്ങനെ അവൻ ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നതുമായാണ് ഉപമയിൽ വ്യക്തമാക്കുന്നത്.

മറ്റുള്ളവർ നമ്മെ അംഗീകരിക്കണമെന്നും, നാം ബഹുമാനിക്കപ്പെടണെന്നും ആഗ്രഹിക്കുമ്പോൾ ആണ് നാം ചെയ്ത കാര്യങ്ങളും നമ്മുടെ നേട്ടങ്ങളുമൊക്കെ വിവരിക്കുന്നത്. അത്താഴത്തിൽ പ്രധാന സ്ഥലവും, പള്ളിയിൽ മുഖ്യാസനവും, അങ്ങാടി യിൽ വന്ദനവും, മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും പ്രിയമായിരുന്ന ശാസ്ത്രിമാരെയും പരീശന്മാരെയും വളരെ നിശിതമായി വിമർശിക്കുന്നത് വി. മത്തായി എഴുതിയ സുവിശേഷത്തിൽ നമുക്ക് കാണാൻ കഴിയും. എന്നാൽ കർത്താവ് തന്റെ ജനത്തോട് ഉപദേശിച്ചത് ഇപ്രകാരമാണ്. "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" (മത്തായി 23:12).

കർത്താവിന്റെ സന്നിധിയിൽ വിനയത്തോടെ ആയിരിപ്പാൻ നമുക്ക് കഴിയണം. അവന്റെ ബലമുള്ളതും ഉന്നതവുമായ വലങ്കൈ നമ്മെ താഴ്ത്തി നടത്തും. തക്കസമയത്ത് നമ്മെ ഉയർത്തുവാൻ കഴിയുന്ന, ദൈവത്തിന്റെ സന്നിധിയിൽ അവന്റെ മക്കളായി ജീവിപ്പാനുള്ള കൃപ ദൈവം നമുക്ക് തരുമാറാകട്ടെ.

പരാമർശം :

മീഖാ 6:8

മനുഷ്യാ, നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നതു?

സിസ്റ്റർ ലീന ഈപ്പൻ കല്ലൂപ്പാറ 008